## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 187 — 17.06.2014 ൽ മറുപടിയ്ക്ക്

# സഹകരണ സംഘങ്ങൾക്ക് ലഭിച്ചിരുന്ന ആദായ നികുതി ഇളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. സി.കെ. സദാശിവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ സംഘങ്ങൾക്ക് ആദായ നികുതി അടയ്ക്കുന്നതിൽ നിന്നും ഐ.ടി ആക്ട് 80(പി) അനുസരിച്ച് ലഭിച്ചുകൊണ്ടിരുന്ന ഇളവ് കേന്ദ്ര സർക്കാർ എടുത്ത് കളഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2006-07 ലെ ഫിനാൻസ് ആക്ട് പ്രകാരം 2006-07 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും ബിസിനസ് വരുമാനത്തിന് ആദായ നികുതി നൽകേണ്ടതായി വരികയും വകുപ്പ് 80(പി) പ്രകാരമുള്ള ഇളവ് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും (PACS), പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. |
| (ബി) ഇതുമൂലം ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ ഉൾപ്പെടെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും പുതിയ നികുതി ഭാരം അനുഭവപ്പെട്ടിരിക്കുന്നതായി അറിയാമോ;<br>സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഇത് തകർക്കാനിടയാക്കിയിരിക്കുകയാണെന്നറിയാമോ; | (ബി) ഇതുമുഖേന സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ ബിസിനസ്സ് വരുമാനത്തിൽ നിന്നും നികുതി നൽകേണ്ടതായിട്ടുണ്ട്. ആദായ നികുതി നിയമത്തിലെ വകുപ്പ് 80(പി) പ്രകാരമുള്ള ഇളവ് ഒഴിവാക്കിയതിലൂടെ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ അംഗങ്ങൾക്ക് നൽകുന്ന ലാഭവിഹിതം കുറയുന്നതിന് കാരണമായിട്ടുണ്ട്. ലാഭത്തിൽ നിന്നും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്ന |

| | | | |
|---|---|---|---|
| | | | തുകയിൽ കറവ് ഉണ്ടാകമെന്നല്ലാതെ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ പ്രവർത്തനത്തെ തകർച്ചയിലേയ്ക്ക് നയിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കേന്ദ്ര സർക്കാർ നിലപാട് മൂലമുണ്ടാകുന്ന തകർച്ചയിൽ നിന്നും സഹകരണ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | 2006-07 ൽ ആദായ നികുതി നിയമത്തിലെ 80(പി) അനുസരിച്ചുള്ള ഇളവ് സഹകരണ മേഖലയിൽ പ്രാഥമിക സംഘങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയ സമയത്ത് പന്ത്രണ്ടാം കേരള നിയമസഭ ഐക്യകണ്ഠേനയുള്ള പ്രമേയത്തിലൂടെ സഹകരണ മേഖലക്കുണ്ടായിരുന്ന ആദായ നികുതി ഇളവ് പുന:സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാകുന്നു. കൂടാതെ ഈ വിഷയം കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങളുടെ കോൺഫറൻസിൽ ചർച്ച ചെയ്യുന്നതിനും, കേന്ദ്രത്തിലെ പുതിയ സർക്കാരിന്റെ സത്വര ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ